മി.സ്പീക്കർ : ഇപ്പോഴും എന്തൊക്കെയോ ബന്ധമുണ്ടെന്ന് തോന്നുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇപ്പോഴും ആ ബന്ധമുണ്ട്. എന്തൊക്കെ പറഞ്ഞാലും ഒരു തറവാട്ടിൽ ജനിച്ചവരല്ലേ ? പക്ഷേ പലരും വഴിതെറ്റി പോയി എന്നേയുള്ളു.

കൺസഷനിൽ വ്യത്യാസം വരുത്തിയതിനെക്കുറിച്ച് ഞാൻ അന്വേഷിച്ചു. ഇതിനകത്ത് കേരള ഹൈക്കോടതിയുടെ ഒരു വിധിയുണ്ട്. എല്ലായിടത്തും കോടതിയുടെ ഇടപെടലുണ്ട്.ഒരു ബസ്സുള്ള സ്ഥലത്ത് പകുതി, 50 ശതമാനത്തിൽ കൂടുതൽ കൺസഷൻ കൊടുക്കരുതെന്ന ഒരു വിധി വന്നിട്ടുണ്ട്. അതായത് 50 പേരെ കയറ്റുന്ന ഒരു വണ്ടിയിൽ 50 കൺസഷൻ കൊടുത്താൽ മറ്റുള്ളവർക്ക് ബുദ്ധിമുട്ടാണ്. ഇത് സ്വകാര്യ ബസ്സുള്ള സ്ഥലത്ത് മാത്രമേയുള്ളു. ദേശവൽകൃത റൂട്ടിൽ യാതൊരു കൺട്രോളുമില്ല. ഈ വിധിയുടെ അടിസ്ഥാനത്തിൽ ഒരു ബസ് ഓടുന്നിടത്ത് 25, രണ്ട് ബസ് ഓടുന്നിടത്ത് 50, ഇങ്ങനെയാണ് കൺസഷൻ കൊടുക്കുന്നത്. ശ്രീ. ജോർജ് എന്നോട് പറഞ്ഞതനുസരിച്ച് ഈരാറ്റുപേട്ടയിലെ കാര്യം അന്വേഷിച്ചു. അവിടെ ഈ രീതിയിലാണ് കൺസഷൻ കൊടുത്തിരിക്കുന്നത്. അതാണ് നിയമം. ശ്രീ. ജോർജ് പറഞ്ഞ കാര്യം ഒന്നുകൂടി പരിശോധിക്കാം. കഴിയാവുന്നതൊക്കെ ചെയ്യാം.

(6) നീർക്കുന്നം ഭാഗത്ത് കടൽഭിത്തി കെട്ടാൻ നടപടി

ശ്രീ. ഡി. സുഗതൻ : എന്റെ നിയോജകമണ്ഡലമായ അമ്പലപ്പുഴയിൽ 18 കിലോമീറ്റർ കടൽത്തീരമാണ്. അതിൽ പുന്നപ്ര, അമ്പലപ്പുഴ, പുറക്കാട് എന്നീ സ്ഥലങ്ങളിൽ കൽക്കെട്ടുണ്ട്. നീർക്കുന്നം ഭാഗം, തകഴിയുടെ 'ചെമ്മീനിൽ' ആ കഥ നടക്കുന്ന പ്രദേശമാണ്. അവിടെ രണ്ട് കിലോമീറ്ററോളം ഇനി ഗ്യാപ്പുണ്ട്. കൽക്കെട്ടില്ല. കൽക്കെട്ടില്ലാത്ത പ്രദേശമായ നീർക്കുന്നം ഭാഗത്ത് മാത്രമാണ് കടലാക്രമണം നടക്കുന്നത്. അവിടെ ഇപ്പോൾ തുടർച്ചയായി കടലാക്രമണം നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ കഴിഞ്ഞ ദിവസം അവിടെ പോയിരുന്നു. പഴമക്കാർ പറയുന്നത്, കാലവർഷം കനക്കുമ്പോൾ ഇനിയും കടലാക്രമണം ഉണ്ടാകുമെന്നാണ്. അത് ഭാവിയിൽ ഉണ്ടാകാതിരിക്കാൻ അവശേഷിക്കുന്ന രണ്ട് കിലോമീറ്റർ ഗ്യാപ്പിൽ കൽക്കെട്ട് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഫിനാൻസ് മിനിസ്റ്ററും മുഖ്യമന്ത്രിയും കൂടി ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ഇവിടെ ബഹുമാനപ്പെട്ട സുഗതൻ പറഞ്ഞത് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കക്കാഴം മുതൽ നീർക്കുന്നം വരെയുള്ള 1800 മീറ്റർ കടൽഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ചാണ്. ഇതിന്റെ എസ്റ്റിമേറ്റും മറ്റ് കാര്യങ്ങളുമൊക്കെ എടുത്തിട്ടുണ്ട്. 2-12-2002-ൽ കൂടിയ ഫ്ളഡ് കൺട്രോൾ ആന്റ് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്പോൾ മഴ തുടങ്ങിയപ്പോഴേക്കും എല്ലാ പ്രദേശത്തും കടലാക്രമണം വളരെ രൂക്ഷമായിട്ടുണ്ട്. ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. എങ്കിലും കടലാക്രമണം ഉണ്ടായ സ്ഥലങ്ങളിൽ താൽക്കാലികമായിട്ട് അത് തടയാനുള്ള ചില ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്

V റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. കെ. കെ. നായർ : സർ, പരിസ്ഥിതി സമിതിയുടെ നാലാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI ധനകാര്യം

2003-2004 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XXXVII	വ്യവസായങ്ങൾ	65,53,84,000	21,15,67,000	1,3,10,767,000	42,31,33,000	1,73,39,00,000

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly